**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2539** 05.11.2019-ൽ മറുപടിക്ക്

**ഹരിപ്പാട് മണ്ഡലത്തിലെ കെ.എസ്.ഇ.ബി പദ്ധതികൾ**

| | ചോദ്യം<br>**ശ്രീ. അൻവർ സാദത്ത്** | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എം.എൽ.എ.പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) | ഹരിപ്പാട് മണ്ഡലത്തിൽ, എം.എൽ.എ യുടെ 2019 -20 വർഷത്തെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നിലവിലുള്ള സ്ഥിതിയും ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ? | | |

| നമ്പർ | പദ്ധതി | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പടിഞ്ഞാറെ പറമ്പിക്കര പാടശേഖരത്തിൽ വൈദ്യുതികണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി | 63,000 | പ്രവൃത്തിക്ക് അനുമതി നൽകിയെങ്കിലും ഉയർന്ന ജലവിതാനം മൂലം പ്രവൃത്തിയ്ക്കു തടസ്സം നേരിടുന്നു. |
| 2 | സങ്കേതുംകടവ് പാടശേഖരത്തിൽ വൈദ്യുതികണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി | 1,15,000 | പ്രവൃത്തി ആരംഭിച്ച് പോസ്റ്റ് സ്ഥാപിച്ചെങ്കിലും പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും മൂലം പോസ്റ്റുകൾ മറിഞ്ഞു വീണു. |
| 3 | കരീത്തറ കഴുന്നക്കാട് പാടശേഖര ത്തിൽ വൈദ്യുതികണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തി | 96,297 | സമ്മത തർക്കം ഉള്ളതിനാൽ ആലപ്പുഴ എ.ഡി.എം.നു പരാതി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത കേസിന്റെ ഹിയറിങ് 13.11.2019 നു നിശ്ചയിച്ചിട്ടുള്ളതുമാകുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ